(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നംകെ.എസ്.എ.റ്റി.വി.എം.ജി.പി.6/2009/2016

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം ജില്ല
തീയതി 23.11.2016
E-mail.lfadtvm@yahoo.in
Phone 0471 2331231

ഡെപ്യൂട്ടി ഡയറക്ടർ
പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പനവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പനവൂർ ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടര്
3) കാര്യാലയ പകർപ്പ്

നംകെ.എസ്.എ.റ്റി.വി.എം.ജി.പി.6/2009/2016

തിയതി:23.11.2016

**തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16ബത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 06.03.2016മുതൽ 17.09.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 27അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016 മുതൽ 21.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ശ്രീജ.കെ, |

| | |
|---|---|
| | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.അനിഷ.എസ് .ബി,<br>ഓഡിറ്റർ (സീനിയർ ഗ്രേഡ്)<br>ശ്രീ. ആനന്ദ്.വി, ഓഡിറ്റർ (സീ.ഗ്രേഡ്) |
| | ശ്രീ.രജികുമാർ.എം, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | |
|---|---|
| പ്രസിഡന്റ് | ശ്രീമതി.സരസ്വതി അമ്മ, 01.04.2015മുതൽ31.10.15 വരെ |
| | ശ്രീ.എസ്.വി.കിഷോർ , 19.11.2015മുതൽ31.03.2016 വരെ (1.11.15 മുതൽ 18.11.2015വരെ അഡ്മിമിനിസ്ട്രേറ്റീവ് ഭരണം) |
| സെക്രട്ടറി | ശ്രീമതി സൈമ.എസ്, 01.04.2015 മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | രമകുമാരി.ബി.ആർ, 01.04.2015 മുതൽ 31.03.2016വരെ |
| വി.ഇ.ഒ | പ്രേംകുമാർ.വി.എസ്, 01.04.2015 മുതൽ 31.03.2016വരെ |
| ഹെഡ്മാസ്റ്റർ | എ.ആർ.സാദ്ദിക്ക്, 01.04.2015 മുതൽ 31.03.2016 വരെ |
| വെറ്റിനറി സർജൻ | ഡോ.അജിത്ത്.എം.ജി, 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ഓഫീസർ | മാത്യൂസ് കോശി, 01..04.2015 മുതൽ 15.05.2015വരെ<br>പ്രേമവല്ലി.എം, 16.05.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, (ഹോമിയോ) | ഡോ.സോഫി.ആർ.ദാസ്, 01.04.2015 മുതൽ 31.03.2016വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | പ്രീത.എസ്.ആർ, 01.04.2015 മുതൽ 31.03.2016വരെ |
| ഐ.സി.ഡി.എസ് | ലേഖ.എസ്, 01.04.2015 മുതൽ 31.03.2016വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |

| | | | |
|---|---|---|---|
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| | ഭാഗം 2 | | |
| 12 | ഡി.&.ഒ.ലൈസൻസ് ഈടാക്കുന്നതിൽ അപാകത | 2.1 | |
| 13 | ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ് പുതുക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല | 2.2 | |
| 14 | തൊഴിൽ നികുതി പിരിവിൽ വീഴ്ച | 2.3 | |
| 15 | വാറ്റ്, വനനികുതി എന്നിവ സർക്കാരിലേക്ക് ഒടുക്കിയിട്ടില്ല | 2.4 | |
| 16 | വാണിജ്യാവശ്യത്തിനുപയോഗിക്കുന്നതിലൂടെ പഞ്ചായത്തിന് നികുതി ചോർച്ച | 2-5 | |
| 17 | മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക | 2-6 | |
| | ഭാഗം 3 | | |
| 18 | മരാമത്തുപണി-എം. ബുക്കിൽ രേഖപ്പെടുത്തിയ അളവുകളേക്കാൾ കുറഞ്ഞ അളവിൽ പണി- അധികം നല്കിയ തുക നിരാകരിക്കുന്നു. | 3-1 | |
| 19 | ഡി.എസ്.ആർ പ്രകാരം അനുവദനീയമായ രേഖകൾ അധിക നിരക്ക് നല്കി- തുക നിരാകരിക്കുന്നു. | 3-2 | |
| 20 | ഒരേ ആവശ്യത്തിന് രണ്ട് ടെണ്ടർ പരസ്യങ്ങൾ നല്കി-11000/-രൂപ അധിക ചെലവ് | 3-3 | |

| | | | |
|---|---|---|---|
| 21 | പദ്ധതി രൂപീകരണ മോണിറ്ററിംഗ് ചെലവുകൾ 10804/-രൂപ തടസ്സപ്പെടുത്തുന്നു | 3-4 | |
| 22 | ചെലവു രേഖകൾ ലഭ്യമല്ല. തുക തടസ്സപ്പെടുത്തുന്നു | 3-5 | |
| 23 | ടെണ്ടർ പരസ്യം, പ്രിന്റിംഗ് എന്നിവക്ക് അധിക നിരക്ക് | 3-6 | |
| 24 | മേളകൾ, സംഗമം എന്നിവ നടത്തി പൊതുപണം ദുരുപയോഗം ചെയ്യുന്നു | 3-7 | |
| 25 | മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ നടത്തിപ്പിലെ അപാകതകൾ | 3-8 | |
| 26 | ഇ.എം.എസ്.ഭവന പദ്ധതി അക്കൗണ്ടിലെ ബാലൻസ് തുക ലോൺ അക്കൗണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്. | 3-9 | |
| 27 | കൃഷി ഓഫീസറുടെ പദ്ധതികൾ | 3-10 | |
| | ഭാഗം 4 | | |
| 28 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 29 | ഡെപ്പോസിറ്റ് വർക്കിന് നൽകിയിരുന്ന പ്രവൃത്തികളുടെ വിശദാംശം | 4.2 | |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 31 | വായ്പ /വായ്പ തിരിച്ചടവ് | 4.4 | |
| 32 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 33 | ഓഡിറ്റ് റിക്കവറി | 4.6 | |
| 34 | സമാഹൃത ഓഡിറ്റിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 35 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 36 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2015-16 വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 30.03.2015 തീയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ

അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 08.08.16 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 08.08.16 | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 14241553 |
| വരവ് | 48239208 |
| ആകെ | 62480761 |
| ചെലവ് | 59962075 |
| നീക്കിബാക്കി | 2518686 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | വരവ് തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി(RP 40 b പ്രകാരം) | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 3077572 | 9752447 | 12830019 | 12830019 | 0 | |
| വികസന ഫണ്ട്(എസ്.സി.പി) | 230651 | 3548352 | 3779003 | 3779003 | 0 | |
| വികസനഫണ്ട് (ടി.എസ്.പി) | 451 | 728451 | 728902 | 728902 | 0 | |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 1385700 | 10076235 | 11461935 | 11461935 | 0 | |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 76925 | | 3363787 | 3363787 | 0 | |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1216824 | 5525583 | 6742407 | 6742407 | 0 | |
| കെ.എൽ.ജി, എസ്.ഡി.പി. | 3089446 | 2506633 | 5596079 | 5596079 | 0 | |
| എം.എൻ. ആർ. ഇ.ജി.എസ് | 0 | 26697659 | 26697659 | 26696458 | 1201 | |
| ബി ഫണ്ട് | 0 | 24189400 | 24189400 | 24189400 | 0 | |
| മറ്റുവരവുകൾ | 2972752 | 15407646 | 18380398 | 18054145 | 326253 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (സ്പിൽ ഓവർ ഉൾപ്പെടെ എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 58842328 | 133 | 46388558 | 18 | 13 | 78.76 |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല

## 1-7 തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| തൊഴിൽ നികുതി | 859620 | 751950 | 107670 | 12.5(-) |
| കെട്ടിട നികുതി | 2032363 | 1538159 | 494204 | 24.3(-) |
| ലേലം | 25960 | 82475 | 56515 | 217.7 |
| വാടക | - | 41529 | 41529 | 100 |

| | | | | |
|---|---|---|---|---|
| ഡി & ഒ ലൈസൻസ് | 51750 | 42300 | 9450 | 18.26(-) |
| മറ്റുവരവുകൾ | 375558 | 374131 | 1427 | 0.38(-) |
| ആകെ | 3345251 | 2830544 | 514707 | 15.38(-) |

# 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 636720 | 323 |
| കർഷകതൊഴിലാളി പെൻഷൻ | 5723490 | 790 |
| വിധവാപെൻഷൻ | 8927160 | 1046 |
| വാർദ്ധക്യകാലപെൻഷൻ | 5896800 | 1067 |
| വികലാംഗപെൻഷൻ | 2309095 | 239 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 450000 | 16 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം( Above 50 Years) | 210640 | 25 |
| SCവിദ്യാർത്ഥികൾക്ക് പ്രീ പ്രൈമറി വിദ്യാഭ്യാസം | 35495 | |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 13.10.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 3659/- രൂപ ക്യാഷ് ബാലൻസിന്റ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

നികുതി പിരിവ് കാര്യക്ഷമമാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.ഫ്രണ്ട് ഓഫീസ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണ്. രജിസ്റ്ററുകളുടെയും മറ്റ് രേഖകളുടേയും സൂക്ഷിപ്പ് കാര്യക്ഷമമല്ല സ്റ്റോക്ക് രജിസ്റ്റർ വേണ്ട രീതിയിൽ പരിപാലിക്കുന്നില്ല. യാത്രപരിപാടികൾ നൽകുമ്പോൾ ടൂർ ഡയറി നിർബന്ധമായും എഴുതി വാങ്ങേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| | | | |
| പെർഫോമൻസ് ഓഡിറ്റ് | 7.9.2016 | 12/15-8/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 6.5.16-24.5.16 | 2011-12 to 2015-16 | 14.7.16 |

## ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി&ഒ ലൈസൻസ് ഈടാക്കുന്നതിൽ അപാകത

2015-16 വർഷത്തെ ട്രേഡേഴ്സ് രജിസ്റ്റർ പ്രകാരം 450ലേറെ സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. പ്രസ്തുത കാലയളവിൽ 146 സ്ഥാപനങ്ങൾ മാത്രമാണ് ഡി&ഒ ലൈസൻസ് എടുത്തിട്ടുള്ളത്. കൂടാതെ 2015-16 ൽ ഡി &ഒ ലൈസൻസ് എടുത്ത പല സ്ഥാപനങ്ങളും ട്രേഡേഴ്സ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ ട്രേഡേഴ്സ് രജിസ്റ്ററിൽ ഉള്ളതിനെക്കാളധികം സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നതായി മനസ്സിലാക്കാവുന്നതാണ്. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 13നുള്ള മറുപടിയിൽ ഇത്തരം സ്ഥാപനങ്ങളിൽ നിന്ന് 2016-17 വർഷം ഫീസ് ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് പരിധിയിൽ വരുന്ന മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ഡി&ഒ ലൈസൻസ് ഫീസ് ഈടാക്കി പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

## 2-2 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ,പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് രജിസ്ട്രേഷൻ ഫീസ്/ പുതുക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല

1999-ലെ കേരള പഞ്ചായത്തിരാജ് ചട്ടങ്ങൾ (ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ) ചട്ടം (3 ) പ്രകാരം പഞ്ചായത്തിലെ ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ പാരാ മെഡിക്കൽ സ്ഥാപനങ്ങൾ എന്നിവ രജിസ്റ്റർ ചെയ്യുകയും തുടർന്ന് ചട്ടം (5) പ്രകാരം ഓരോ സാമ്പത്തിക വർഷവും പുതുക്കൽ ഫീസ് അടച്ച് രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. എന്നാൽ പനവൂർ പഞ്ചായത്തിൽ ഇത്തരത്തിലുള്ള അഞ്ച് ട്യൂട്ടോറിയൽ സ്ഥാപനങ്ങളിൽ നിന്നും ഒരു പാരാ മെഡിക്കൽ സ്ഥാപനത്തിൽനിന്നും രജിസ്ട്രേഷൻ ഫീസ്/പുതുക്കൽ ഫീസ് എന്നിവ ഈടാക്കിയിട്ടില്ല. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 13നുള്ള മറുപടിയിൽ ഈ സ്ഥാപനങ്ങളിൽ നിന്നും 2016-17 വർഷത്തിൽ ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തനം ത്വരിതപ്പെടുത്തി പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി പിരിവിൽ വീഴ്ച

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന പേരയം, ആട്ടുകാൽ ക്ഷീരോൽപ്പാദന സഹകരണ സംഘങ്ങൾ, വിവിധ അക്ഷയകേന്ദ്രങ്ങൾ, നൻമ സ്റ്റോറുകൾ, പെട്രോൾ പമ്പ്, സ്വകാര്യ സ്കൂളുകൾ, ട്യൂട്ടോറിയൽ കോളേജുകൾ തുടങ്ങിയ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ 2015-16 വർഷത്തെ തൊഴിൽ നികുതി ഈടാക്കുന്നതിന് ഡിമാൻറ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ സ്വകാര്യഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ എന്നിവരിൽ നിന്നും അർദ്ധവാർഷികമായി ഈടാക്കേണ്ട തൊഴിൽ നികുതി 1250/- ആയിരിക്കെ കുറഞ്ഞ നികുതിയാണ് ഇടാക്കിയത്. ഇവ സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നമ്പർ 21നുള്ള മറുപടിയിൽ മേൽ സൂചിപ്പിച്ച സ്ഥാപനങ്ങൾക്ക് ഡിമാന്റ് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതാണെന്നും കുറവ് വന്ന നികുതി അടയ്ക്കുന്നതിന് ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് നൽകുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഈപ്രവർത്തനങ്ങൾ ഊർജ്ജിതമാക്കി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 2-4 വാറ്റ്, വനനികുതി എന്നിവ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടില്ല 9790/-

ആട്ടകാൽ സർക്കാർ എൽ.പി.എസ്, യു.പി.എസ് കോമ്പൗണ്ടുകളിൽ അപകടാവസ്ഥയിൽ നിന്ന മരങ്ങൾ ലേലം ചെയ്ത വകയിൽ 7280/- രൂപ വാറ്റ് ഇനത്തിൽ 12.02.16 ന് ലഭിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത ലേലതുകയുടെ (50200) 5% മായ 2,510/-രൂപ വന വികസനനികുതിയായി സർക്കാരിൽ ഒടുക്കേണ്ടതുണ്ട്. ടി തുകകൾ നാളിതുവരെ സർക്കാർ ഖജനാവിൽ ഒടുക്കിയിട്ടില്ല. ഇതു സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 21 നുള്ള മറുപടിയിൽ പ്രസ്തുത തുകകൾ അടിയന്തിരമായി സർക്കാരിൽ ഒടുക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ ആകെ 9,790/-രൂപ സർക്കാരിൽ ഒടുക്കി ചെലാൻ ഹാജരാക്കേണ്ടതാണ്.

## 2-5 കെട്ടിടങ്ങൾ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിലൂടെ പഞ്ചായത്തിന് നികുതി ചോർച്ച

പരവൂർ പഞ്ചായത്തിൽ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതിലൂടെ നികുതി ചോർച്ചയുണ്ടാകുന്നു. ചുവടെ ചേർക്കുന്ന കെട്ടിടങ്ങൾ ഇത്തരത്തിൽ ഉപയോഗിക്കുന്നതായി അസ്സസ്സ്മെന്റ് രജിസ്റ്റർ, ഡി&ഒ ലൈസൻസ് രജിസ്റ്റർ, ഓഡിറ്റ് എൻക്വയറി നമ്പർ 24നുള്ള മറുപടി എന്നിവയിൽ നിന്ന് വ്യക്തമാകുന്നു.

| കെട്ടിട നമ്പർ | ഉപയോഗ ക്രമം<br>(ഗ്രാമ പഞ്ചായത്തിന്റെ രേഖകൾ പ്രകാരം) | പ്രവർത്തിക്കുന്ന സ്ഥാപനം |
|---|---|---|
| 7/267 | ഗാർഹികം | പലചരക്ക് കട |
| 11/96 | ഗാർഹികം | വർക് ഷോപ്പ് |
| 11/315 | ഗാർഹികം | ബേക്കറി |
| 13/198 | ഗാർഹികം | റൈസ് മിൽ |

ഇത്തരത്തിലുള്ള ദുരുപയോഗം വിശദമായി പരിശോധിച്ച് പഞ്ചായത്തിന്റെ നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക

പഞ്ചായത്ത് പരിധിയിലുള്ള ഏഴ് മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശികയായിട്ടുണ്ട്. 2014-15വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് പാര 2.6 പ്രകാരം പരാമർശിച്ചിരുന്ന പ്രസ്തുത കുടിശ്ശിക നാളിതുവരെ പിരിച്ചെടുത്തിട്ടില്ല. ടി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടി സംബന്ധിച്ച വിവരം ഓഡിറ്റ് എൻക്വയറി നമ്പർ 24പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ കുടിശ്ശിക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചു.
നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പണി-എം ബുക്കിൽ രേഖപ്പെടുത്തിയ അളവുകളേക്കാൾ കുറഞ്ഞ അളവിൽ പണി- അധികം നല്കിയ തുക നിരാകരിക്കുന്നു

പ്രോജക്ട് നമ്പർ – 29/15-16
പ്രവൃത്തി – പള്ളിനട നിരപ്പിൽ റോഡ് കോൺക്രീറ്റ്
കോൺട്രാക്ടർ – ഫൈസൽ
അടങ്കൽതുക – 2,20,000/-
ബിൽ നമ്പർ – 14/15-16
എം.ബുക്ക് നമ്പർ – 54/15-16
സാങ്കേതികാനുമതി – 307/AEE/LSGD/NDD/15-16 തീയതി 6/7/15

2015-16 വർഷത്തെമരാമത്ത് പണികളിലുൾപ്പെടുത്തി നടത്തിയ പള്ളിനട നിരപ്പിൽറോഡ് കോൺക്രീറ്റ് എന്ന പ്രവൃത്തിയുടെ പ്രാദേശിക പരിശോധന അസിസ്റ്റന്റ് എൻജിനീയർ, ഓവർസീയർ എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയതിൽ എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നതിൽ നിന്നും വ്യത്യാസം യഥാർത്ഥ അളവുകളിൽ ഉള്ളതായി ബോധ്യപ്പെട്ടു. അളവുകളിലെ വ്യത്യാസം മൂലം താഴെ പറയും വിധം അധികച്ചെലവു വന്നിട്ടുണ്ട്.

| ഇനം | എം ബുക്കിൽരേഖപ്പെടുത്തിയിരിക്കുന്ന അളവുകളും നൽകിയിരിക്കുന്ന തുകയും | പ്രാദേശിക പരിശോധനയിൽ കണ്ട അളവുകളും നൽകാവുന്നതുകയും | അധികം നൽകിയിരിക്കുന്ന തുക |
|---|---|---|---|
| 1.<br>surface dressing of the ground including vegitation and in equalities not exceeding 15 cm deep ramming the surface to compact well and disposal of rubbish lead up to 50m andlift up to 1.5 m all kind of soil (OD) | 13X(1.8+1.5)/2=21.45<br>8.70X2=17.40<br>4.50X(2.1+1.9)=9.00<br>21X1.9=39.90<br>24X(1.9+2.4)/2=51.60<br>25X(2.4+2.4)/2=60<br>10.80X(2.4+2.4)/2=27.54<br>total=226.89<br>226.89@15.47=3509 | 13.20X(1.8+1.5)/2X=21.7<br>33.70x(2.15+1.9)/2=68.2<br>11x(2+1.60)/2x=19.8<br>12.50x2.40=30<br>12.50x2.25=28.1<br>15x2.60=39<br>4.80x2.70=12.9<br>total=219.7<br>219.7@15.47=3399 | 110 |
| 2.<br>providing and laying cement concrete 1;4;8 with 40mm metal excluding the cost of | 13x(1.8+1.5)/2x.10=2.14<br>8.70x2.1x.10=1.82<br>4.50x(2.1+1.9)x.90=.90<br>45x(1.9+2.4)/2x.10=9.67<br>35.80x(2.4+2.7)/2x.10=9.13 | 13.20x(1.8+1.5)/2x.10=2.17<br>33.70x(2.15+1.9)/2x.10=6.82<br>11x(2+1.60)/2x.10=1.98<br>12.50x2.40x.10=3<br>12.50x2.25x.10=2.81 | 5504 |

| | | | |
|---|---|---|---|
| centering and shuttering all work up to plinthlevel(4.8.1) | total=23.66<br>23.66@5343.34=122897 | 15x2.60x.10=3.9<br>4.80x2.70x.10=1.29<br>total=21.97<br>21.97@5343.34=117393 | |
| 3.<br>cement concrete 1:2:4 with 20mm hard broken stone for the wearing coat of road way excluding the cost of centering and shuttering all work up to plinth level(11.7) | 13x(1.8+1.5)/2x.05=1.07<br>8.70x2.1x.05=9135<br>4.50x(2.1+1.9)x.05=.45<br>45x(1.9+2.4)/2x.05=4.84<br>35.80x(2.4+2.7)/2x.05=4.56<br>total=11.83<br>11.5@7154.68=82279 | 13.20x(1.8+1.5)/2x.05=1.089<br>33.70x(2.15+1.9)/2x.05 =3.41<br>11x(2+1.60)/2x.05=.99<br>12.50x2.40x.05=1.5<br>12.50x2.25x.05=1.40<br>15x2.60x.05=1.95<br>4.80x2.70x.05=.648<br>total=10.987<br>10.98@7154.68=78608 | 3671 |

ആകെ അധികം നൽകിയ തുക =9285

ടി തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## 3-2 മരാമത്തുപണി- ഡി .എസ്. ആർ . 14 പ്രകാരം അനുവദനീയമായതിനേക്കാൾ അധിക നിരക്ക് നല്കി- അധികം നല്കിയ തുക നിരാകരിക്കുന്നു

പനവൂർ ഗ്രാമപഞ്ചായത്തിലെ 2015-16ലെ പൊതു മരാമത്തുപണികൾ സംബന്ധിച്ച ഫയലുകൾ പരിശോധിച്ചതിൽ ചില ഐറ്റം പ്രവൃത്തികൾക്ക് ഡി.എസ്.ആർ. -14 പ്രകാരം അനുവദനീയമായതിനേക്കാൾ അധിക നിരക്ക് അനുവദിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 18 ന് അസി. എക്സി. എൻജിനീയർ ഓഫീസിൽ ലഭ്യമായ നിരക്കിന്റെ അടിസ്ഥാനത്തിലാണ് നിരക്ക് നല്കിയതെന്ന മറുപടിയാണ് അസി.എൻജിനീയർ ലഭ്യമാക്കിയത്. താഴെ പറയും വിധമാണ് അധിക തുക അനുവദിച്ചിട്ടുള്ളത്.

| പ്രവൃത്തിയുടെ വിശദാംശങ്ങൾ | എം ബുക്ക് പ്രകാരം നല്കിയത് | അനുവദനീയമായത് | അധികം നല്കിയത് |
|---|---|---|---|
| 1. പ്രോജക്ട് നം - 97/16<br>മീനിലം അംഗൻവാടി നവീകരണം<br>അടങ്കൽ തുക -200000 | Item 7<br>Mbook page 16<br>solid blockmasonry with cm 1:6 using best quality hollow bricks of size | 1.26cubmx 4966.44 =6257.71 | 593 |

| | | | |
|---|---|---|---|
| ബിൽനമ്പർ -44/16<br>എം ബുക്ക് നമ്പർ-57/15-16<br>കൺവീനർ-അബ്ദുൾ ഷീദ്<br>സാങ്കേതികാനുമതി-T.S 536/AEE/LSGD/NDD /15-16 | 40x20x10 including costof conveyance etc complete upto plinth level<br>(OD21<br>1.26m$^3$@5437/m$^3$=6851 | | |
| 2.പ്രോജക്ട് നം - 93/16<br>പനവൂർ എൽ. പി എസ് മേൽക്കൂര നിർമാണം<br>അടങ്കൽ തുക -400000<br>ബിൽനമ്പർ -37/15-16<br>എം ബുക്ക് നമ്പർ-21/16<br>കൺവീനർ-എം.എസ്.സുലേഖ<br>സാങ്കേതികാനുമതി-T.S 280/AEE/LSGD/NDD/15-16 | Item-9<br>Solid block masonry with cm 1:6 using best quality hollow blocks of size 40x20x20<br>(OD 17)<br>10.05m$^3$x5468.56=54959 | 10.05cubmx4993=50179.61 | 4779 |
| 3.പ്രോജക്ട് നം - 101/2016<br>പനവൂർ അംഗനവാടി നവീകരണം<br>അടങ്കൽ തുക -150000<br>ബിൽനമ്പർ -63/16<br>എം ബുക്ക് നമ്പർ-325/15-16<br>കൺവീനർ-അബ്ദുൾ വാഹിദ്<br>സാങ്കേതികാനുമതി-T.S 546/AEE/LSGD/NDD/15-16 | Item 8<br>Mbook page 39<br>solid blockmasonry with cm 1:6 using best quality hollow bricks of size 40x20x10 including cost of conveyance etc complete upto plinth level<br>(OD21<br>5.075m3@5241.36/m$^3$ =26616 | 5.075x4966.44 =25205 | 1411 |

| | | | |
|---|---|---|---|
| 4.പ്രോജക്റ്റ് നം - 103/16<br>അജയപുരം അംഗനവാടി കിണർ നിർമ്മാണം<br>അടങ്കൽ തുക -150000<br>ബിൽനമ്പർ -42/16<br>എം ബുക്ക് നമ്പർ-56/16<br>കൺവീനർ-<br>സാങ്കേതികാനുമതി-T.S 503/AEE/LSGD/NDD/15-16 | Item 6<br>Mbook page 27<br>4.6425m3@5241.36 =24333 | 4.6425cubm*4966.44=23054.65 | 1279 |
| 5.പ്രോജക്റ്റ് നം 132/16<br>പാണയം അഗ്രോ സർവീസ് സെൻറർകമ്മ്യൂണിറ്റി ഹാൾ<br>അടങ്കൽ തുക -400000<br>ബിൽനമ്പർ -82/16<br>എം ബുക്ക് നമ്പർ-24/15-16<br>കൺവീനർ-ഷാജറുദ്ദീൻ<br>സാങ്കേതികാനുമത-T.S 481/AEE/LSGD/NDD/<br>15-16 | Item 7<br>Solid block masonry with cm 1:6 using best quality hollow blocks of size 40x20x20<br>(OD 17)<br>10.647@5468.56 =58244 | 10.647x4993 =53160.471 | 5084 |
| 6.പ്രോജക്റ്റ് നം - 110/16<br>കോംപൗണ്ട് വാൾ പനവൂർ പബ്ളിക് ലാൻറ്<br>അടങ്കൽ തുക -400000<br>ബിൽനമ്പർ 73/16<br>എം ബുക്ക് നമ്പർ-471/15-16<br>കോൺട്രാക്റ്റർ -രതീഷ്<br>സാങ്കേതികാനുമതT.S 259/AEE/LSGD/NDD/<br>15-16 | Item 2<br>cement solid block masonry with cm 1:6 using best quality solid blocks of size 40x20x15<br>(OD11)<br>19.485x6153 .93 =1,19909 | 19.485x5625.45=109611.89 | 10297 |

| | | | |
|---|---|---|---|
| | | | |
| 7.പ്രോജക്റ്റ് നം - 126/16<br>അംബേദ്കർ ക്രിമറ്റോറിയം കോംപൗണ്ട് വാൾ<br>അടങ്കൽ തുക -430000<br>ബിൽനമ്പർ -31/16<br>എം ബുക്ക് page 33<br>കൺവീനർ-അബൂബക്കർ കുഞ്ഞ്<br>സാങ്കേതികാനുമതി-T.S 279/AEE/LSGD/NDD/ 15-16 | Item 5<br>solid blockmasonry with cm 1:6 using best quality hollow bricks of size 40x20x10 including costof conveyan ce etc complete upto plinth level (OD21<br>17.484@5241.36 =91639.93 | 17.484x4966.44 =86833 | 4807 |

ആകെ

28250/-

അധികം നൽകുയ തുക ഉത്തരവാദിയായ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-3 ഒരേ ആവശ്യത്തിന് രണ്ട് ടെണ്ടർ പരസ്യങ്ങൾ നല്കി - 11,000/- രൂപ അധികചെലവ്

2015-16 വർഷം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കുന്ന മരാമത്ത് പണികൾക്ക് അസി. എഞ്ചിനീയറും, സെക്രട്ടറിയും ഒരേ പരസ്യം നല്കിയതുവഴി പഞ്ചായത്തിന് 11,000/- രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ട്. രണ്ട് പരസ്യങ്ങളും 10-07-2015-ലെ കേരള കൗമുദി ദിനപത്രത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒരേ ആവശ്യത്തിന് രണ്ട് പരസ്യങ്ങൾ നല്കിയതിന്റെ കാരണം ആരാഞ്ഞു നല്കിയ ഓഡിറ്റ് എൻക്വയറി നം. 20/ 19-10-15-ന് നൽകിയ മറുപടി തൃപ്തികരമല്ല. 40 Sq.Cms വലിപ്പത്തിൽ നല്കിയ രണ്ട് പരസ്യങ്ങൾക്കും കൂടി ചെക്ക് നം. 7402 തീയതി 15-09-2015 പ്രകാരം 22,000/- രൂപ കേരള കൗമുദിക്ക് നല്കിയിട്ടുണ്ട്. ഇതുവഴി പഞ്ചായത്തിനുണ്ടായ നഷ്ടം 11,000/- രൂപ ഉത്തരവാദിയായ സെക്രട്ടറി തിരിച്ചടക്കേണ്ടതാണ്.

## 3-4 പദ്ധതി രൂപീകരണ -മോണിറ്ററിംഗ് ചെലവുകൾ - 10804/-രൂപ തടസ്സപ്പെടുത്തുന്നു

സെക്രട്ടറി നിർവ്വഹണം നടത്തിയ (പ്രോജക്റ്റ് നം. S001/2015-16. )പദ്ധതി രൂപീകരണ-മോണിറ്ററിംഗ്

ചെലവുകൾ എന്ന പ്രോജക്ടിന് ബിൽ നം. 38/15-16 തീയതി 31-03-2016 പ്രകാരം 1,68,462/-രൂപയും, ബിൽ നം.39/15-16 പ്രകാരം 10,804/-രൂപയും പിൻവലിച്ചിട്ടുണ്ട്. എന്നാൽ 1,68,462/- രൂപയുടെ ചെലവ് രേഖകൾ മാത്രമേ ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളൂ. 10,804/-രൂപയുടെ ചെലവ് രേഖകൾ ഹാജരാക്കാത്തതിനാൽ ടി തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മതിയായ രേഖകൾ ഹാജരാക്കി ഓഡിററ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-5 ചെലവ് രേഖകൾ ലഭ്യമല്ല- തുക തടസ്സപ്പെടുത്തുന്നു

2015-16 വർഷത്തെ വൗച്ചറുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ചെലവുകൾക്ക് ചെലവ് രേഖകൾ ലഭ്യമല്ല.

| ക്രമ നം. | ചെലവിനം. | തുക. | തടസ്സത്തിനുള്ള കാരണം. |
|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർക്ക് നൽകിയ തുക. വൗച്ചർ നം.21500501 dtd. 29-09-15. | 10,000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 2 | ഗ്രാമലക്ഷമി മുദ്രാലയത്തിന് നൽകിയ തുക.DD No. 519313 dtd. 24-06-2015. | 18425/- | കൈപ്പറ്റ് രസീത് ലഭ്യമല്ല. |
| 3 | പത്താം തരം തുല്യത- കോഴ്സ് ഫീസ്. | 24000/- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമല്ല. |
| 4 | സാക്ഷരത- തുല്യതാപരിപാടികൾ. തയ്യൽമെഷീൻ, സ്റ്റേഷനറി എന്നിവ വാങ്ങിയത്. | 23400/-<br>4,800/- | കൈപ്പറ്റ് രസീതുകൾ ലഭ്യമല്ല. |
| 5 | പഞ്ചായത്ത് ഓഫീസിൽ 5 KV UPS സ്ഥാപിക്കൽ- M/S. IGA Tech Industries Electronics Pvt.Ltd. TVM. ന് DD No. 980248 dtd. 29-10-2015.പ്രകാരം നൽകിയ തുക. | 1,68,187/- | കൈപ്പറ്റ് രസീത് ലഭ്യമല്ല. |
| 6 | തെരുവ് വിളക്കുകളുടെ വാർഷിക നവീകരണം. ചെക്ക് നം.1024397dtd.03-03-2016. | 2,49,840/- | KSEB യിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. |

| | | | |
|---|---|---|---|
| 7 | KWA Deposit Work. കുളപ്പാറ ഹരിജൻ കോളനി-കുടിവെള്ള പദ്ധതി.D.D.No.775860 dtd. 30-03-2016. | 4,19,000/- | വിനിയോഗ സാക്ഷ്യപത്രം, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല. |
| | ആകെ. | 9,17,652/- | |

## 3-6 ടെണ്ടർ പരസ്യം, പ്രിന്റിംഗ് എന്നിവയ്ക്ക് അധികനിരക്ക്

2015-16 വർഷം കേരള കൗമുദി ദിനപത്രത്തിൽ നൽകിയ വിവിധ പരസ്യങ്ങൾക്ക് ഉയർന്ന നിരക്ക് നൽകിയിരിക്കുന്നു. 8-12-2015 ലെ ജി.ഒ.(പി) നം. 17/2015.പി.ആന്റ് എ.ആർ.ഡി. ഉത്തരവ് പ്രകാരമുള്ള കേരള കൗമുദി ദിനപത്രത്തിന്റെ പരസ്യ നിരക്ക് സർക്കാർ സ്ഥാപനങ്ങൾക്ക് 1sq.cm ന് 124/- രൂപയാണ്. എന്നാൽ പനവൂർ ഗ്രാമപഞ്ചായത്ത് നൽകിയ പരസ്യങ്ങൾക്ക് 235/- രൂപ മുതൽ 275/- രൂപ വരെ ഈടാക്കിയിട്ടുണ്ട്. മാത്രമല്ല സർക്കാർ സ്ഥാപനങ്ങളുടെ പരസ്യങ്ങൾക്ക് 04-01-2011-ലെ ജി.ഒ.(ആർ.ടി.) 1/2011. പി.ആന്റ്.എ.ആർ.ഡി. ഉത്തരവ് പ്രകാരം 15% ഡിസ്കൗണ്ട് അനുവദനീയമാണ്. ആയത് ലഭിച്ചിട്ടില്ല. പരസ്യ ചാർജ്ജിനത്തിൽ ഉണ്ടായ നഷ്ടം പരിശോധനാ വിധേയമാക്കേണ്ടതാണ്.

2015-16 വർഷം പ്രിന്റിംഗ് ചാർജ്ജിനത്തിൽ ഒരുലക്ഷത്തിലധികം രൂപ ഗ്രാമപഞ്ചായത്ത് ചെലവഴിച്ചിട്ടുണ്ട്. മത്സര സ്വഭാവമുള്ള ക്വട്ടേഷനുകൾ ക്ഷണിച്ചല്ല പ്രിന്റിംഗ് നൽകിയിരിക്കുന്നത്. വാർഷിക ക്വട്ടേഷൻ നൽകിയാണ് പ്രിന്റിംഗ് നൽകിയിരിക്കുന്നത് എന്ന് പറഞ്ഞിട്ടുണ്ടെങ്കിലും രേഖകൾ ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. 2015-16 വർഷത്തെ ഗുണഭോക്താക്കളെ ഗ്രമസഭകൾ വഴി തെരഞ്ഞെടുക്കുന്നതിനുള്ള 5000 അപേക്ഷാ ഫോമുകൾ അച്ചടിച്ചതിന് എല്ലോറ ഓഫ് സെറ്റ് പ്രന്റേഴ്സ്, പനവൂർ എന്ന സ്ഥപനത്തിന് 20,400/-രൂപ നൽകിയിട്ടുണ്ട്. ഇതേകാലയളവിൽ മറ്റ് പഞ്ചായത്തുകളിൽ സമാനരീതിയിലുള്ള അപേക്ഷാ ഫോമുകൾ അച്ചടിച്ചതിന് ഇതിന്റെ പകുതി നിരക്കു മാത്രമാണ് നല്കിയിട്ടുള്ളതന്ന് ഓഡിറ്റ് നിരീക്ഷിച്ചുണ്ട്. ഇക്കാര്യം ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധയിൽ കൊണ്ടുവരുന്നു.

## 3-7 മേളകൾ, സംഗമം എന്നിവ നടത്തി പൊതുപണം ദുരുപയോഗം ചെയ്യുന്നു

ആദായകരമല്ലാത്ത മേളകൾ, ഉത്സവങ്ങൾ, സംഗമങ്ങൾ എന്നിവ നടത്താൻ പാടില്ല എന്ന് ജി.ഒ.എം.എസ്.4/2016 ത.സ്വ.ഭ.വ 11.01.2016 പ്രകാരം സർക്കാർ ഉത്തരവുണ്ടായിരിക്കെ, ഗ്രാമപഞ്ചായത്ത് 1,50,000/-രൂപ ഓണം കുടുംബശ്രീ മേള നടത്താൻ ചെലവഴിച്ചത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. കൂടാതെ അതുല്യം പദ്ധതിക്ക് പഠിതാക്കളുടെ സംഗമം, അക്ഷരോത്സവം എന്നിവ നടത്തി 28,000/-രൂപ ഭക്ഷണത്തിനായി ചെലവഴിച്ചു. കുടുംബശ്രീ മേളകൾ നടത്താൻ പഞ്ചായത്ത് സാമ്പത്തിക സഹായം നൽകേണ്ടതില്ല. അത് അവർ തന്നെ കണ്ടെത്തേണ്ടതാണ്. മേളകൾ നടത്തുന്നതിനുള്ള സ്ഥലസൗകര്യം പഞ്ചായത്ത് ഒരുക്കിക്കൊടുക്കാവുന്നതാണ്. മേലിൽ ഇത്തരം ചെലവുകൾ ചെയ്യാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 മെഡിക്കൽ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പദ്ധതികൾ - നടത്തിപ്പിലെ അപാകതകൾ

എ) പ്രോജക്ട് നമ്പർ. SO122/16

പദ്ധതി അടങ്കൽ 37000

ചെലവ് തുക 28500

പദ്ധതി പ്രകാരം താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക നീക്കി വെച്ചിരുന്നത്.

| ക്രമ നമ്പർ | | നീക്കിവെച്ച് തുക |
|---|---|---|
| 1 | ഔട്ട് റീച്ച് ഇമ്മ്യൂണൈസേഷൻ- (പ്രതിമാസം രണ്ട് പ്രോഗ്രാം 500x2—1000/-) | 12000 |
| 2 | എം.ഡി.എ. പ്രോഗ്രാം | 15000 |
| 3 | ബ്രസ്റ്റ് ഫീഡിംഗ് കോർണർ | 10000 |

എന്നാൽ പ്രോജക്ടുമായി ബന്ധപ്പെട്ട് താഴെ പറയുന്ന പ്രവർത്തനങ്ങൾക്കാണ് തുക പിൻവലിച്ചത്

| ക്രമ നമ്പർ | ബിൽ നമ്പർ,തീയതി | പിൻവലിച്ച തുക | പ്രവർത്തനങ്ങൾ |
|---|---|---|---|
| 1 | 10/15-16 , 15.2.16 | 10000 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ |
| 2 | 11/15-16, 26.3.16 | 10000 | പൾസ് പോളിയോ ഇമ്മ്യൂണൈസേഷൻ |
| 3 | 14/15-16,26.3.10 | 8500 | എം.ഡി.എ. പ്രോഗ്രാം |

പ്രേജക്ട് നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പദ്ധതിപണം പിൻവലിച്ചത് അംഗീകരിക്കത്തക്കതല്ല. പദ്ധതിയിൽ ഉൾപ്പെടുത്താതെ പൾസ് പോളിയോ ഇമ്മ്യൂണൈസേഷനുവേണ്ടി തുക ചെലവഴിച്ചത് വഴി പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ നടപ്പാക്കുവാൻ സാധിക്കാത്ത അവസ്ഥയാണുള്ളത്.

ബി) പി.എച്ച്.സി ലാബ് നഴ്സിന് വേതനം - അധികം തുക പിൻവലിച്ചു.

പ്രോജക്ട് നമ്പർ. S0142/16

പദ്ധതി അടങ്കൽ 42000 ( Own Fund)(6x7000)

ചെലവ് തുക 42000

Cheque No 1024393/18.1.16

പി.എച്ച്.സി ലാബ് നഴ്സിന് പ്രതിമാസം 7000 നിരക്കിൽ ആറ് മാസത്തേക്ക് വേതനം നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയുടെ നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും 42000/- രൂപ പിൻവലിച്ചിട്ടുണ്ട്. എന്നാൽ കൈപറ്റ് രേഖകൾ പ്രകാരം 4/15 മുതൽ 7/15 വരെ 7000ൽ താഴെ വേതനം കൈപറ്റിയതിന്റെ രേഖകളാണ് ഹാജരാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| മാസം | പദ്ധതി പ്രകാരം വേതനം | അനുവദിച്ച വേതനം | അധികമായിപിൻവലിച്ച തുക |
|---|---|---|---|
| 4/15 | 7000 | 6533 | 467 |
| 5/15 | 7000 | 6767 | 233 |
| 6/15 | 7000 | 6300 | 700 |
| 7/15 | 7000 | 6767 | 233 |
| | | ആകെ | 1633/- |

വേതനത്തിനായി അധികം പിൻവലിച്ച തുക1633/- രൂപ തനത് ഫണ്ടിൽ തിരികെ ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-9 ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിലെ ബാലൻസ് തുക ലോൺ അക്കൗണ്ടിലേക്ക് തിരികെ അടക്കേണ്ടതാണ്

ഇ.എം.എസ് ഭവന പദ്ധതി അക്കൗണ്ടിൽ 31.03.16-ലെ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 6,28,947/-രൂപ നീക്കിയിരിപ്പുള്ളതായി കാണുന്നു. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ഇ.എം.എസ് ഭവന പദ്ധതിയിൽ ബാക്കി ഗഡു കൊടുക്കുന്നതിനായി 2,45,200/- രൂപ നീക്കി വച്ചതായി മറുപടി നൽകിയിട്ടുണ്ട്. ടി

തുക കിഴിച്ച് ബാക്കി തുകയായ 3,83,747/- രൂപ ഇ.എം.എസ് ലോൺ അക്കൗണ്ടിലേക്ക് അടക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

## 3-10 കൃഷി ഓഫീസറുടെ പദ്ധതികൾ

A) തെങ്ങ് കൃഷി വികസനവുമായി ബന്ധപ്പെട്ട് ആനുകൂല്യം നൽകിയവർ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. വാർഡ് തിരിച്ചുള്ള വിവരങ്ങൾ .

| ക്രമ നമ്പർ | വാർഡ് നമ്പർ | ആനുകൂല്യം നൽകിയവരുടെ എണ്ണം | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവരുടെ എണ്ണം |
|---|---|---|---|
| 1 | 2 | 6 | 3 |
| 2 | 4 | 14 | 8 |
| 3 | 5 | 5 | 2 |
| 4 | 6 | 16 | 10 |
| 5 | 7 | 23 | 12 |
| 6 | 8 | 21 | 13 |
| 7 | 9 | 14 | 10 |
| 8 | 10 | 5 | 4 |
| 9 | 11 | 21 | 19 |
| 10 | 12 | 4 | 3 |
| 11 | 13 | 5 | 1 |
| 12 | 15 | 4 | 2 |
| 13 | 3 | 4 | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 16 ന് മറുപടിയായി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച പുതുക്കിയ ഗുണഭോക്തൃ ലിസ്റ്റിൻ പ്രകാരമാണ് ആനുകൂല്യം നൽകിയത് എന്നാണ് അറിയിച്ചത്. എന്നാൽ ടി ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല. ഗ്രാമസഭയുടെ അംഗീകാരം വാങ്ങാതെ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്ന പ്രവണത അവസാനിപ്പിക്കേണ്ടതാണ്.

B) വിവിധ പദ്ധതികളിലായി ഒരേ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി

തെങ്ങ് കൃഷി വികസനം, ഇടവിളകൃഷി വികസനം, ഗ്രോബാഗിൽ പച്ചക്കറി കൃഷി എന്നീ മൂന്ന് പദ്ധതികളുടെയും ആനുകൂല്യം ഒരേ വ്യക്തികൾക്ക് ലഭിച്ചിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വാർഡ് നമ്പർ | ഗുണഭോക്താക്കൾ ( മൂന്ന് പദ്ധതികളുടെയും ആനുകൂല്യം ലഭിച്ചത്) |
|---|---|
| 2 | ഗീതാകുമാരി, പേരയം |
| 3 | വിജോദ്കുമാർ, വിശാഖമന്ദിരം,പനയമുട്ടം |

| | |
|---|---|
| | ബിനു. വി, വിശാഖമന്ദിരം, പനയമുട്ടം |
| 4 | ഹരികുമാർ, നന്ദനം, കോതകുളങ്ങര |
| 13 | ശ്രീകുമാർ, പുളിങ്കോവ്, വെള്ളാഞ്ചിറ |
| 14 | ഗോപകുമാർ, ഗോപമന്ദിരം, എസ്.എൻ പുരം<br>സീന .എസ്, ആറ്റിൻപുറം |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 16 ന് മറുപടിയായി കാർഷിക മേഖലയിലെ വിവിധ പദ്ധതികൾക്ക് മതിയായ കർഷകർ ലഭ്യമല്ലാത്തതിനാലാണ് കൂടുതൽ കൃഷിയും വസ്തു വിസ്തൃതിയുമുള്ള കർഷകർക്ക് ആനുകൂല്യം നൽകുന്നത് എന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് തലത്തിലെ വിവിധ പദ്ധതികളുടെ ഗുണം ഒരേ വ്യക്തികൾക്ക് നൽകുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 128000 | പാലിയേറ്റീവ് കെയർ | 128000 | 0 |

## 4-2. ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | SC കോളനികളിൽ കുടിവെള്ള പദ്ധതി | 21501153<br>30.03.16 | 382401 | 382401 | പൂർത്തീകരിച്ചില്ല |

## 4-3. മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ | ഉത്തരവ് | വായ്പ | വർഷാരംഭത്തിൽ | തൻവർഷം | വർഷാവ |
|---|---|---|---|---|---|

| പേര്/ ഉദ്ദേശ്യം | നമ്പർ/തിയ്യതി | തുക | തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തിരിച്ചടച്ച തുക | | സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ലോൺ | Go no 429/2010/ LSGD Dt 06.02.10 | 13742000 | 6871500 | 1374300 | - | 5497200 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6. ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെപേരും ഉദ്യോഗപ്പേരും | രസീത് നമ്പർ, തീയതി |
|---|---|---|---|---|
| 2003-04 | 2(1) | 353 | കെ.നടേശൻ | 11506100637 11506100638 - 20.06.15 |

## 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 48239208 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 59962075 |
| വരവിനങ്ങളിലുള്ള നഷ്ടം | : | NIL |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 48535 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 928456 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3.1 | | 9285 | ബി.ആർ.രമാകുമാരി, അസിസ്റ്റന്റ് എൻജിനീയർ |
| 3.2 | | 28250 | ബി.ആർ. രമാകുമാരി, അസിസ്റ്റന്റ് എൻജിനീയർ |
| 3.3 | | 11000 | എസ്.സൈമ.,സെക്രട്ടറി |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.4 | 10804 | എസ്.സൈമ.,സെക്രട്ടറി |
| 3.5 | 917652 | എസ്.സൈമ.,സെക്രട്ടറി |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | സ്ഥാപനം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | സംസ്ഥാന സർക്കാർ | 9796 | എസ്.സൈമ., സെക്രട്ടറി |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബി.ആർ.രമാകുമാരി, അസിസ്റ്റന്റ് എൻജിനീയർ | അസിസ്റ്റന്റ് എൻജിനീയർ, എൽ.എസ്.ജിഡി | കൃഷ്ണകൃപ, സുവർണ്ണ നഗർ, കുളപ്പാറ.പി.ഒ, ആര്യനാട് |
| എസ്.സൈമ.,സെക്രട്ടറി | സെക്രട്ടറി | കരിം നിവാസ്, കന്യാകുളങ്ങര, വെമ്പായം |

| | | |
|---|---|---|

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2000-2001 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/133/03 07.03.03 | 12 | |
| 2001-2002 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/72/04 13.10.05/14.08.06 | 19 | |
| 2001-2002 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/112/07 17.10.07 | 4 | |
| 2002-2003 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/210/06 22.11.07 | 7 | |
| 2003-2004 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1703/08 15.04.09/05.05.09 | 11 | |
| 2004-2005 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1704/08 15.04.09/05.05.09 | 10 | |
| 2005-2006 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/867/09 04.02.10/04.03.10 | 7 | |
| 2006-2007 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/868/09 04.02.10/04.03.10 | 8 | |
| 2007-2008 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/764/11 27.10.11/03.02.11P | 9 | |
| 2008-2009 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/765/11 27.10.11/03.02.11 | 9 | |
| 2009-2010 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/1372/11 21.02.12/16.03.12 | 7 | |
| 2010-2011 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/345/12 07.07.12 | | |

| | | | |
|---|---|---|---|
| 2011-2012 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/2549/13 15.11.13 | | |
| 2012-2013 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.6/2258/14 21.02.15/12.06.15 | | |
| 2014-15 | നം.എസ്.എ.റ്റി.വി.എം.ജി.പി.6./1187/2016/01.08.16 | | |

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ പനവൂർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകവും ഒഴികെ, പനവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 -ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ന്യൂനതകളുടെ സംഗ്രഹം

1. ഇംപ്രസ്റ്റ് അക്കൗണ്ട് സൂക്ഷിക്കുന്നില്ല
2. ആധാർ ബി.പി.എൽ സബ്സിഡി തുക 135150/-രൂപ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യാതെ തനത് ഫണ്ടിൽ സൂക്ഷിച്ചിരിക്കുന്നു.
3. സ്റ്റോക്ക് രജിസ്റ്റർ value based ആയി എഴുതി സൂക്ഷിക്കുന്നില്ല.
4. എല്ലാ ആസ്തികളുടെയും മൂല്യം നിജപ്പെടുത്തി ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഒപ്പ്
ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്